**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനഞ്ചാമത് റിപ്പോർട്ട്

(2015 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ പതിനൊന്നാമത്
റിപ്പോർട്ടിലെ (കോതമംഗലം നഗരത്തിലെ ശുദ്ധജല സ്രോതസ്സായ
കുരൂർ തോട് മലീമസമായ സ്ഥിതിവിശേഷം
നേരിടുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

## പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനഞ്ചാമത് റിപ്പോർട്ട്

(2015 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (കോതമംഗലം നഗരത്തിലെ ശുദ്ധജല സ്രോതസ്സായ കുരൂർ തോട് മലിനമായ സ്ഥിതിവിശേഷം നേരിടുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

971/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |
| അദ്ധ്യായം III : | ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ, ബന്ധപ്പെട്ട സർക്കാർ വകുപ്പ്, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശം | .. | 14 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. സി. പി. മുഹമ്മദ്

**അംഗങ്ങൾ :**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യൂക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജൂലൈ മാസം 21-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
അദ്ധ്യക്ഷൻ,
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 21.

അദ്ധ്യായം I

## പരിസ്ഥിതി സംബന്ധിച്ച സമിതി (2009-11)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (കോതമംഗലം നഗരത്തിലെ ശുദ്ധജല സ്രോതസ്സായ കുരൂർ തോട് മലീമസമായ സ്ഥിതിവിശേഷം നേരിടുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കോതമംഗലത്തെ പ്രധാന ജല സ്രോതസ്സായ കുരൂർ തോട് മലീമസമായതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹരിച്ച് തോട് സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനായി പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011), 2011 ജനുവരി മാസം 27-ാം തീയതി കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ (പതിനൊന്നാമത് റിപ്പോർട്ട്) ആകെ 11 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച കോപ്പികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചുകൊടുത്തതിനെ തുടർന്ന് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശ സംബന്ധിച്ച വിശദാംശങ്ങൾ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

ശിപാർശ 1 (ഖണ്ഡിക 17)

കോതമംഗലം നഗരമദ്ധ്യത്തിലൂടെ അഞ്ച് കിലോമീറ്ററോളം ഒഴുകി മൂവാറ്റുപുഴയാറിൽ ചെന്നുചേരുന്ന കുരൂർ തോട്ടിൽ സ്വാഭാവികമായ ശുദ്ധജലം അപ്രാപ്യമാക്കുന്ന നഗരമുഖത്തിലെ മാലിന്യങ്ങളുടെ കണക്ക് അമ്പരപ്പിക്കുന്നതാണ്. ഈ തോട്ടിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം വർദ്ധിച്ച അളവിലാണ്. തോടിന് സമീപമുള്ള മാലിന്യങ്ങൾ കൂടിച്ചേരുമ്പോൾ വെള്ളം ഒരാവശ്യത്തിനും ഉപയോഗിക്കാൻ

സാധിക്കാത്ത നിലയിലാണ്. ഇത്തരം ഖര-ദ്രവ മാലിന്യങ്ങൾ കരുർ തോടിൽ എത്തിച്ചേരുന്നതിന് മുൻപ് ആധുനിക സംസ്കരണ സംവിധാന മാർഗ്ഗങ്ങൾ കെട്ടിടനിർമ്മാണം നടക്കുമ്പോൾ തന്നെ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും നിലവിലുള്ള കെട്ടിടങ്ങൾക്ക് ഇത്തരം നിബന്ധനകളും മാർഗ്ഗങ്ങളും കർശനമായി ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും കോതമംഗലം നഗരസഭയും യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 53851/ഡി.സി1/14/തസ്വഭവ. തീയതി 18-9-2014

കരുർ തോട് മലിനീകരണവുമായി ബന്ധപ്പെട്ട് തോടിന്റെ ഇരുകരകളിലുമായി സ്ഥാപിതമായിട്ടുള്ള, തോട്ടിലേക്ക് നേരിട്ട് മലിനീകരണമുണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് നഗരസഭ നോട്ടീസ് നൽകുകയും, കൂടാതെ ടി സ്ഥാപനങ്ങളോട് പ്രസ്തുത സംവിധാനം (ആധുനിക സംസ്കരണ സംവിധാനം) നടപ്പിലാക്കുന്നതിന് നഗരസഭാ ഉദ്യോഗസ്ഥർ നേരിട്ട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അനു കോൾഡ് സ്റ്റോറേജ്, ആൻസ് ഹോസ്റ്റൽ, സംഗീത കോൾഡ് സ്റ്റോറേജ്, എന്നീ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തി പി.സി.ബി.യുടെ സർട്ടിഫിക്കറ്റ് നഗരസഭയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

കൂടാതെ കാപ്പി ഗാർഡൻസ്, മർച്ചന്റ്സ് അസോസ്സിയേഷൻ ബിൽഡിംഗ്, എക്സൽ മാരുതി സർവ്വീസ്, ക്ലാസ്സിക് ടവർ ലോഡ്ജ്, സ്പൈസസ് വില്ലേജ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശപ്രകാരമുള്ള മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിനും, അല്ലാത്തപക്ഷം സ്ഥാപനം അടച്ചുപൂട്ടുന്നതിനും രേഖാമൂലം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 2 (ഖണ്ഡിക 18)

കോതമംഗലത്തെ ഫ്ളാറ്റുകൾ, ഹോട്ടലുകൾ, മാർക്കറ്റുകൾ, ആശുപത്രികൾ, അറവുശാലകൾ, സിനിമാശാലകൾ, തുടങ്ങിയവയിൽ നിന്നുള്ള ഖര-ദ്രവ മാലിന്യങ്ങൾ കരുർ തോടിന്റെ സന്തുലിതാവസ്ഥയുടെ മാറ്റത്തിന് കാരണമായിട്ടുണ്ട്. പട്ടണത്തിന്റെ വികസനത്തിനനുസൃതമായ ദ്രവ-മാലിന്യങ്ങളുടെ അളവിലുള്ള വർദ്ധനവ് നമുക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ഇത്തരം മലിനീകരണം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഓരോ നഗരത്തിനും അനുയോജ്യമായ പദ്ധതി ആവശ്യമാണ്. ഇവയിൽ

നിന്നും പുറത്തേക്ക് പ്രവഹിക്കുന്ന മലിനജലവും മലിനവസ്തുക്കളും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിച്ച് മാത്രമേ പുറന്തള്ളാവൂ എന്ന് നിഷ്കർഷിക്കുന്ന രീതി നിയമം മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## ജലവിഭവ (ഐ.ആർ.) വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 8408/ഐ.ആർ3/11/ജവിവ. തീയതി 3-7-2014

കരൂർ തോടിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന ഹോട്ടലുകളിലും മറ്റ് സ്ഥാപനങ്ങളിലും മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഭാഗികമായി ഏർപ്പെടുത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. കൂടാതെ ചേലാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇറച്ചിവിൽപ്പന സ്റ്റാളുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. കോതമംഗലം മുനിസിപ്പാലിറ്റിയിലെ എല്ലാ ഹോസ്പിറ്റലുകളിലും ലാബുകളിലും ബോർഡ് നിർദ്ദേശപ്രകാരം മതിയായ രീതിയിൽ മാലിന്യങ്ങളുടെയും മലിനജലത്തിന്റെയും സംസ്കരണം നടന്നുവരുന്നു. മലിനജലം സംസ്കരിക്കുന്നതിന് കോതമംഗലം മുനിസിപ്പാലിറ്റി സ്ഥാപിക്കുന്ന പൊതു ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതാണെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അറിയിച്ചിട്ടുണ്ട്. കരൂർ തോടിന്റെ ഇരുകരകളിലുമുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ഒഴുകാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും സെപ്റ്റിക് ടാങ്ക്, സോക്പിറ്റ്, മറ്റ് മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കാനും സോളിഡ് വേസ്റ്റ് നിർമ്മാർജ്ജനത്തിന് മുനിസിപ്പാലിറ്റിയുടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനും കഴിഞ്ഞാൽ മാത്രമേ കരൂർ തോട് മലിനീകരണത്തിന് ശാശ്വത പരിഹാരമുണ്ടാവുകയുള്ളൂ.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)ന

## പരിസ്ഥിതി വകുപ്പ്

ഗവൺമെന്റ് കത്ത് നമ്പർ 968/എ 3/11/പരി. തീയതി 25-8-2014

കോതമംഗലം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ഹോട്ടലുകൾ, ഫ്ളാറ്റുകൾ, അറവുശാലകൾ, തുടങ്ങിയവയിൽ നിന്നുള്ള മലിനജലം പൊതു കാനകളിലൂടെ ഒഴുകി കരൂർ തോട്ടിൽ എത്തിച്ചേരുന്നു. ഇത് കരൂർ തോട് മലിനീകരിക്കപ്പെടാൻ ഇടയാകുന്നു. കരൂർ തോട്ടിൽ എത്തിച്ചേരുന്ന മലിനജലം

സംസ്കരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേരള സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രകാരവും മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും കോതമംഗലം മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്. കുരൂർ തോടിന്റെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന മലിനീകരണം ഉണ്ടാക്കുന്നതും മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതുമായ ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങൾ, തുടങ്ങിയ 20 സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാതിരിക്കാൻ കാരണംകാണിക്കൽ നോട്ടീസ്, ബോർഡ് മുനിസിപ്പാലിറ്റിക്ക് നൽകി. തുടർന്ന് 10 സ്ഥാപനങ്ങൾ ബോർഡിന്റെ പ്രവർത്തനാനുമതി തേടി. ബോർഡിന്റെ അനുമതി ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമെ ലൈസൻസ് നൽകുകയോ/പുതുക്കി നൽകുകയോ ചെയ്യാവുവെന്ന് കോതമംഗലം മുനിസിപ്പാലിറ്റിക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കുരൂർ തോടിന്റെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്ന മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി ലൈസൻസ് പുതുക്കി നൽകിയിട്ടില്ലെന്നും ചേലാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇറച്ചി വിൽപ്പന സ്റ്റാളുകളുടെ ലൈസൻസ് റദ്ദ് ചെയ്ത് സ്റ്റാളുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും കുരൂർ തോടിന്റെ ഇരുവശവുമുള്ള സ്ഥാപനങ്ങളിലും വീടുകളിലും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കോതമംഗലം മുനിസിപ്പാലിറ്റി മലിനീകരണനിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടുണ്ട്. കുരൂർ തോടിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന ബേക്കറി, ഹോട്ടലുകൾ, തുടങ്ങിയ കുറച്ച് സ്ഥാപനങ്ങൾ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഭാഗികമായി ഏർപ്പെടുത്തിയിട്ടുണ്ട്. മലിനജലം സംസ്കരിക്കുന്നതിന് കോതമംഗലം മുനിസിപ്പാലിറ്റി സ്ഥാപിക്കുന്ന പൊതു ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതാണെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അറിയിച്ചിട്ടുണ്ട്.

കോതമംഗലം മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ സോളിഡ് വേസ്റ്റ് നിർമ്മാർജ്ജനത്തിനായുള്ള മതിയായ സംവിധാനം നിലവിലില്ലാത്തത് കുരൂർ തോട് മലിനമാകുന്നതിന് കാരണമാകുന്നു. മുനിസിപ്പാലിറ്റിയുടെ മാലിന്യ സംസ്കരണ നിർമ്മാർജ്ജനത്തിനായുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കികഴിഞ്ഞാൽ മാത്രമെ കുരൂർ തോട് മലിനീകരണം നിയന്ത്രണ വിധേയമാകുകയുള്ളൂ.

കോതമംഗലം താലൂക്ക് ആശുപത്രിയിലെയും നഗരപരിധിയിലെ മറ്റ് ക്ലിനിക്കുകൾ, ലാബുകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ പാലക്കാട്ടുള്ള പൊതു സംവിധാനത്തിലൂടെ (IMAGE) നിർമ്മാർജ്ജനം ചെയ്യുന്നു. സെന്റ് ജോസഫ് ഹോസ്പിറ്റലിലെ മലിനജല സംസ്കരണശാല നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മാർബസേലിയസ് ഹോസ്പിറ്റലിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ

മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശം നൽകുകയും നിർമ്മാണം ഏകദേശം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3 (ഖണ്ഡിക 19)

കോതമംഗലം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, സ്റ്റാർ ഹോട്ടലുകൾ എന്നിവിടങ്ങളിലെ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിക്കാത്തതോ പ്ലാന്റുകളുടെ അഭാവം കാരണമോ കുരൂർ തോട് മലിനമാകുന്നതിന് മുഖ്യപങ്ക് വഹിക്കുന്നുണ്ട്. ഇത് തടയുന്നതിനായി ആശുപത്രികളിലും ഹോട്ടലുകളിലും വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ കർശനമായി ഏർപ്പെടുത്തുകയും അവ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കുന്നതിനും കൃത്യമായ സംവിധാനമുണ്ടായിരിക്കണമെന്ന് തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകളോടും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിനോടും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 83/എ 3/12/പരി. തീയതി 2-1-2014

കോതമംഗലം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ഹോട്ടലുകൾ, ഫ്ളാറ്റുകൾ, അറവുശാല തുടങ്ങിയവയിൽ നിന്നുള്ള മലിനജലം പൊതു കാനകളിലൂടെ ഒഴുകി കുരൂർ തോടിൽ എത്തിച്ചേരുന്നു. ഇത് കുരൂർ തോട് മലിനീകരിക്കപ്പെടാൻ ഇടയാകുന്നു. കുരൂർ തോടിൽ എത്തിച്ചേരുന്ന മലിനജലം സംസ്കരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേരള സമഗ്ര ആരോഗ്യ പദ്ധതിയുടെ നിർദ്ദേശാനുസരണം തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രകാരവും മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും കോതമംഗലം മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്. കുരൂർ തോടിന്റെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്ന മലിനീകരണം ഉണ്ടാക്കുന്നതും ബോർഡിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതുമായ ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ 20 സ്ഥാപനങ്ങളുടെ പേരുവിവരം മുനിസിപ്പാലിറ്റി ലഭ്യമാക്കിയതനുസരിച്ച് ടി സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാതിരിക്കാനുള്ള കാരണംകാണിക്കൽ നോട്ടീസ്, ബോർഡ് നൽകി. തുടർന്ന് 10 സ്ഥാപനങ്ങൾ ബോർഡിന്റെ പ്രവർത്തനാനുമതി തേടി. ബോർഡിന്റെ അനുമതി ഉള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകുകയോ/പുതുക്കി നൽകുകയോ ചെയ്യാവുയെന്ന് കോതമംഗലം മുനിസിപ്പാലിറ്റിക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

കരുർ തോടിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി ലൈസൻസ് പുതുക്കി നൽകിയിട്ടില്ലായെന്നും ചേലാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇറച്ചി വിൽപ്പന സ്റ്റാളുകളുടെ ലൈസൻസ് റദ്ദ് ചെയ്ത് സ്റ്റാളുകൾ അടച്ച് പൂട്ടിയിട്ടുണ്ടെന്നും കരുർ തോടിന്റെ ഇരുകരകളിലുമുള്ള ബേക്കറി, ഹോട്ടലുകൾ തുടങ്ങിയ കുറച്ച് സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഭാഗികമായി ഏർപ്പെടുത്തിയിട്ടുണ്ട്. മലിനജലം സംസ്കരിക്കുന്നതിന് കോതമംഗലം മുനിസിപ്പാലിറ്റി സ്ഥാപിക്കുന്ന പൊതു ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതാണെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അറിയിച്ചിട്ടുണ്ട്.

കോതമംഗലം മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ സോളിഡ് വേസ്റ്റ് നിർമ്മാർജ്ജന ത്തിനായുള്ള മതിയായ സംവിധാനം നിലവിലില്ലാത്തതും കരുർ തോട് മലിനമാകുന്നതിന് കാരണമാകുന്നു. മുനിസിപ്പാലിറ്റിയുടെ മാലിന്യ സംസ്കരണ നിർമ്മാർജ്ജനത്തിനായുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കികഴിഞ്ഞാൽ കരുർ തോട് മലിനീകരണം നിയന്ത്രണ വിധേയമാകുന്നതാണ്.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**തദ്ദേശസ്വയംഭരണ വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 53851/ഡി.സി1/14/തസ്വഭവ. തീയതി 18-9-2014

നഗരസഭാ പരിധിയിലുള്ള പ്രധാന ആശുപത്രികളായ ധർമ്മഗിരി ആശുപത്രി, എം.ബി.എം.എം. ആശുപത്രി എന്നിവിടങ്ങളിലും ഹോട്ടലുകളായ ക്ലൗഡ് 9, മരിയ ഇന്റർനാഷണൽ, മാതാ ടൂറിസ്റ്റ് ഹോം, എന്നിവിടങ്ങളിലും പി.സി.ബി. നിർദ്ദേശ പ്രകാരമുള്ള മലിനീകരണനിയന്ത്രണ സംവിധാനം പൂർണ്ണമായും ഏർപ്പെടുത്തിയിട്ടുണ്ട്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 901/ജി1/12/ആകുവ. തീയതി 27-8-2014

കോതമംഗലം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, സ്റ്റാർ ഹോട്ടലുകൾ എന്നിവിടങ്ങളിലെ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിക്കാത്തതോ പ്ലാന്റുകളുടെ അഭാവം കാരണമോ കരുർ തോട് മലിനീകരണത്തിന് കാരണമാകുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് കോതമംഗലം മുനിസിപ്പൽ സെക്രട്ടറിക്കും, വാരപ്പെട്ടി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർക്കും നിർദ്ദേശം നൽകി യിട്ടുണ്ടെന്നും മാസത്തിൽ ഒരിക്കൽ ടി സ്ഥലങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി

യഥാസമയം റിപ്പോർട്ട് നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് കോതമംഗലം മുനിസിപ്പൽ അതോറിറ്റി, ജില്ലാ മെഡിക്കൽ ഓഫീസർ, എന്നിവരുടെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനും, മൂന്ന് മാസത്തിലൊരിക്കൽ മീറ്റിംഗ് കൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ടെന്ന വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 4 (ഖണ്ഡിക 20)</u>

കോതമംഗലം മുനിസിപ്പാലിറ്റിയിലെ സർക്കാർ ആശുപത്രി ഉൾപ്പെടെ എല്ലാ ആശുപത്രികളിലെയും ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കുവാൻ ആശുപത്രികൾ സ്വയം സംവിധാനം ഒരുക്കുകയോ പൊതു സംവിധാനം ഉപയോഗപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ വകുപ്പ്**

<u>ഗവൺമെന്റ് കത്ത് നമ്പർ 8408/ഐ.ആർ3/11/ജവിവ. തീയതി 3-7-2014</u>

കുരൂർ തോടിന്റെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്ന ഹോട്ടലുകളിലും മറ്റ് സ്ഥാപനങ്ങളിലും മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഭാഗികമായി ഏർപ്പെടുത്തിയിട്ടുണ്ട്. മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. കൂടാതെ ചേലാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇറച്ചി വിൽപ്പന സ്റ്റാളുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. കോതമംഗലം മുനിസിപ്പാലിറ്റിയിലെ എല്ലാ ഹോസ്പിറ്റലുകളിലും ലാബുകളിലും ബോർഡ് നിർദ്ദേശപ്രകാരം മതിയായ രീതിയിൽ മാലിന്യങ്ങളുടെയും മലിനജലത്തിന്റെയും സംസ്കരണം നടന്നു വരുന്നു. മലിനജലം സംസ്കരിക്കുന്നതിന് കോതമംഗലം മുനിസിപ്പാലിറ്റി സ്ഥാപിക്കുന്ന പൊതു ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗപ്പെടുത്തുന്നതാണെന്ന് കേരള ഹോട്ടൽ ആൻറ് റസ്റ്റോറന്റ് അസോസിയേഷൻ അറിയിച്ചിട്ടുണ്ട്. കുരൂർ തോടിന്റെ ഇരുകരകളിലുമുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ഒഴുകാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും സെപ്റ്റിക് ടാങ്ക്, സോക്പിറ്റ്, മറ്റ് മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കാനും സോളിഡ് വേസ്റ്റ് നിർമ്മാർജ്ജനത്തിന് മുനിസിപ്പാലിറ്റിയുടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനും കഴിഞ്ഞാൽ മാത്രമേ കുരൂർ തോട് മലിനീകരണത്തിന് ശാശ്വത പരിഹാരമുണ്ടാവുകയുള്ളൂ.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**തദ്ദേശസ്വയംഭരണ വകുപ്പ്**

<u>ഗവൺമെൻറ് കത്ത് നമ്പർ 53851/ഡി.സി1/14/തസ്വഭവ. തീയതി 18-9-2014</u>

നഗരസഭയുടെ അധികാര പരിധിയിലുള്ള ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ ഐ.എം.എ.യുടെ ഇമേജ് പദ്ധതിയുമായി ചേർന്ന് ശാസ്ത്രീയമായി സംസ്കരിച്ചുവരുന്നു. മലിനീകരണനിയന്ത്രണ സംവിധാനം ടി ആശുപത്രിയിൽ പൂർണ്ണമായും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5 (ഖണ്ഡിക 21)</u>

നഗരവൽക്കരണത്തിന്റെ ഭാഗമായി ഹോട്ടലുകൾ, ആശുപത്രികൾ, വീടുകൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പുറന്തള്ളുന്ന വിസർജ്ജ്യ മാലിന്യങ്ങൾ ഓടകൾ വഴിയോ പൈപ്പുകൾ വഴിയോ കുരൂർ തോടിലേക്ക് എത്തുന്നു. ദിനംപ്രതി പുറന്തള്ളുന്ന ഇത്തരം മാലിന്യങ്ങൾ അടിഞ്ഞുകൂടി ഒഴുക്കില്ലാത്തതിനാൽ തോടിന്റെ പരിസരം ദുർഗന്ധപൂരിതമാണ്. ഈ ദുരവസ്ഥ തടയുന്നതിനായി വിസർജ്ജ്യമാലിന്യങ്ങൾ ഒഴുക്കി വിടുന്നത് ഒരുതരത്തിലും അനുവദിക്കരുതെന്നും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ആശുപത്രികൾ, വീടുകൾ, ഫ്ളാറ്റുകൾ, ലോഡ്ജുകൾ, എന്നിവയ്ക്ക് സെപ്റ്റിക് ടാങ്ക് സംവിധാനം നിർബന്ധമായും ഏർപ്പെടുത്തണമെന്നും അവയുടെ ഔട്ട്ലെറ്റുകൾ കുരൂർ തോട്ടിലേക്ക് തുറന്നുവിടുന്നില്ലെന്നത് ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. സെപ്റ്റിക് ടാങ്കുകളിലെ അവശിഷ്ടം കാലാകാലം മാറ്റുന്നതിനും സുരക്ഷിത സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനും ആവശ്യമായ സംവിധാനം നടപ്പാക്കണമെന്നും കോതമംഗലം മുനിസിപ്പാലിറ്റിയോട് നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ വകുപ്പ്**

<u>ഗവൺമെൻറ് കത്ത് നമ്പർ 53851/ഡിസി1/14/തസ്വഭവ. തീയതി 18-9-2014</u>

നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും പൊതുകാനവഴി കുരൂർ തോട്ടിലേക്ക് മലിനജലവും, വിസർജ്ജ്യ മാലിന്യങ്ങളും ഒഴുകി എത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി, നോട്ടീസ് നൽകി അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി നഗരസഭ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുമ്പോഴുള്ള മാലിന്യ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സ്ഥല പരിമിതിമൂലം

നഗരസഭയ്ക്ക് സാധിച്ചിട്ടില്ലാത്തതാണ്. മേഖലാടിസ്ഥാനത്തിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നത് ഗുണകരമാവുന്നതാണ്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 6 (ഖണ്ഡിക 22)

കോതമംഗലം മുനിസിപ്പൽ പ്രദേശത്തുള്ള സ്വീവേജിൽ ഗണ്യമായ ഭാഗം ഇപ്പോൾ കുരൂർ തോടിലേക്ക് എത്തുകയാണ് ചെയ്യുന്നത്. കോതമംഗലം മുനിസിപ്പാലിറ്റിയിൽ സമ്പൂർണ്ണ സാനിറ്റേഷൻ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

ഗവൺമെൻറ് കത്ത് നമ്പർ 53851/ഡി സി1/14/തസ്വഭവ. തീയതി 18-9-2014

സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നഗരസഭാ പരിധിയിലുള്ള എല്ലാ കുടുംബങ്ങൾക്കും, സ്ഥാപനങ്ങൾക്കും സുരക്ഷിതമായ ടോയ്‌ലെറ്റ് സൗകര്യം ഒരുക്കിയിട്ടുള്ളതാണ്. ബസ് സ്റ്റാന്റ് ഉൾപ്പെടുന്ന പൊതുസ്ഥലങ്ങളിൽ പൊതുജനങ്ങൾക്കായി ടോയ്‌ലെറ്റ് സൗകര്യം സജ്ജമാക്കിയിട്ടുള്ളതാണ്. പുതുതായി ഉണ്ടാകുന്ന കുടുംബങ്ങൾക്ക് സുരക്ഷിതമായ ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് യഥാസമയം ശ്രദ്ധിച്ചുവരുന്നു.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7 (ഖണ്ഡിക 23)

കോതമംഗലം മുനിസിപ്പൽ അതിർത്തിയിൽ ലൈസൻസില്ലാതെ പന്ത്രണ്ടോളം മത്സ്യ-മാംസ സ്ലോട്ടർ ഹൗസുകൾ പ്രവർത്തിക്കുന്നതായും അവയിൽ ഒന്നരണ്ടെണ്ണം കുരൂർ തോടിന്റെ മുകളിൽ തന്നെ പ്രവർത്തിക്കുകയും നേരിട്ട് മാലിന്യങ്ങൾ കുരൂർ തോട്ടിലൂടെ പ്രവഹിക്കുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. തോടിന്റെ തീരങ്ങളിൽ അറവുശാലകൾ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്ന് അഭിപ്രായപ്പെട്ട സമിതി കോഴിവേസ്റ്റ്, മത്സ്യവേസ്റ്റ് തുടങ്ങിയവ സംസ്കരിക്കാതെ തോട്ടിലേക്ക് ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്കെതിരെ മുനിസിപ്പാലിറ്റിയും പോലീസ് വകുപ്പും ചേർന്ന് കേസെടുക്കുന്നതുൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്

ഗവൺമെൻറ് കത്ത് നമ്പർ 53851/ഡിസി1/14/തസ്വഭവ. തീയതി 18-9-2014

കുറ്റൂർ തോടിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട് കോഴിപ്പിള്ളി, ചേലാട് എന്നീ സ്ഥലങ്ങളിൽ കുറ്റൂർ തോടിന്റെ കരയിൽ പ്രവർത്തിച്ചുവന്നിരുന്ന ഇറച്ചി വില്പന സ്റ്റാളുകളുടെ ലൈസൻസ് റദ്ദ് ചെയ്ത് സ്റ്റാളുകൾ അടച്ചുപൂട്ടിയിട്ടുള്ളതാണ്. കൂടാതെ നഗരസഭാ പരിധിയിലുള്ള അനധികൃത മാംസ വില്പനശാലകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതും പ്രവർത്തനം നിർത്തലാക്കിയിട്ടുള്ളതാണ്. കുറ്റൂർ തോടിന്റെ കരയിൽ പ്രവർത്തിക്കുന്ന അനു കോൾഡ് സ്റ്റോറേജ്, സംഗീത കോൾഡ് സ്റ്റോറേജ് എന്നീ സ്ഥാപനങ്ങൾ മലിനീകരണനിയന്ത്രണ സംവിധാനം നടപ്പിലാക്കി പി.സി.ബി.യുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതാണ്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

ഗവൺമെൻറ് കത്ത് നമ്പർ 56355/ഡിബി2/14/തസ്വഭവ. തീയതി 29-10-2014

കുറ്റൂർ തോടിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട് കോഴിപ്പിള്ളി, ചേലാട് എന്നീ സ്ഥലങ്ങളിൽ കുറ്റൂർ തോടിന്റെ ആരംഭഭാഗത്ത് പ്രവർത്തിച്ച് വന്നിരുന്ന 3 കശാപ്പ് ശാലകളുടെ ലൈസൻസ് റദ്ദ് ചെയ്ത് സ്റ്റാളുകൾ, 2012-ൽ അടച്ച് പൂട്ടിയിട്ടുള്ളതാണ്. അനധികൃതമായ അറവുശാലകൾ ഒന്നും നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുമില്ല. കൂടാതെ നഗരസഭാ പരിധിയിലുള്ള മാംസ വില്പന ശാലകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതും പ്രവർത്തനം നിർത്തലാക്കിയിട്ടുള്ളതുമാണ്. കുറ്റൂർ തോടിന്റെ കരയിൽ നിലവിൽ പ്രവർത്തിക്കുന്ന 2 മത്സ്യ വില്പന ശാലകളും, 2 കോഴിയിറച്ചി വില്പന ശാലകളും മലിനീകരണനിയന്ത്രണ സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തുകയും, പി.സി.ബി. സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയിട്ടുള്ളതാണ്. തോട്ടിലേക്ക് നേരിട്ട് മാലിന്യമെത്താൻ സാധ്യതയുള്ള ഒരു ടൂറിസ്റ്റ് ഹോം, 2 ഹോട്ടലുകൾ എന്നിവയും പി.സി.ബി. സർട്ടിഫിക്കറ്റ് ഹാജരാക്കി ലൈസൻസ് നേടിയിട്ടുള്ളതുമാണ്. മേൽ നടപടികൾ സ്വീകരിച്ചതുവഴി കുറ്റൂർ തോട്ടിലേക്ക് മത്സ്യമാംസ വേസ്റ്റുകൾ ഒഴുകുന്ന സാഹചര്യം പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8 (ഖണ്ഡിക 24)

കുത്തൂർ തോടിന്റെ തീരങ്ങളിലും മീതെയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകളുടെ പ്രവർത്തനം തടയുന്നതിനും കോതമംഗലം നഗരസഭാതിർത്തിയിലെ അറവുശാലകൾ ശാസ്ത്രീയമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 53851/ഡിസി1/14/തസ്വഭവ. തീയതി 18-9-2014

അറവുശാലയുടെ നവീകരണത്തിനായി ശുചിത്വമിഷന്റെ സഹായത്തോടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും എന്നാൽ ഭേദഗതി നിർദ്ദേശിച്ച് വീണ്ടും സമർപ്പിക്കാൻ തിരികെ നൽകിയിട്ടുള്ളതുമാണ്. പി.ഡബ്ല്യു.ഡി. എസ്.ഒ.ആർ. 2012 പ്രകാരമാണ് അടങ്കൽ തയ്യാറാക്കിയിരുന്നത്. എന്നാൽ ജി.ഒ. (എംഎസ്.) നമ്പർ 74/2014/തസ്വഭവ. തീയതി 7-5-2014 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സി.പി.ഡബ്ല്യു.ഡി., ഡി.എസ്.ആർ. നിരക്കുകൾ ബാധകമാക്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കുകളിൽ അടങ്കൽ തയ്യാറാക്കി വരുന്നു. ഒരു മാസത്തിനകം പുതുക്കിയ അടങ്കൽ സമർപ്പിക്കുന്നതാണ്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 56355/ഡിബി2/14/തസ്വഭവ. തീയതി 29-10-2014

കുത്തൂർ തോടിന്റെ വശങ്ങളിലുള്ള അറവുശാലകളുടെ ലൈസൻസ് റദ്ദുചെയ്ത് അടച്ച് പൂട്ടിയിട്ടുള്ളതാണ്. നഗരസഭാ അറവുശാലയുടെ നവീകരണത്തിനായി ശുചിത്വമിഷന്റെ സഹായത്തോടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും എന്നാൽ ഭേദഗതി നിർദ്ദേശിച്ച് വീണ്ടും സമർപ്പിക്കാൻ തിരികെ നൽകിയിട്ടുള്ളതുമാണ്. 2012-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കുകൾ പ്രകാരമാണ് അടങ്കൽ തയ്യാറാക്കിയിരുന്നത്. എന്നാൽ ജി.ഒ.(എംഎസ്.) നമ്പർ 74/2014/തസ്വഭവ. തീയതി 7-5-2014 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സി.പി.ഡബ്ല്യു.ഡി., ഡി.എസ്.ആർ. നിരക്കുകൾ ബാധകമാക്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടങ്കൽ തയ്യാറാക്കി വരുന്നു. 2011 മുതൽ നഗരസഭ വക അറവുശാലയുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുള്ളതാണ്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9 (ഖണ്ഡിക 25)

കോതമംഗലം മുനിസിപ്പാലിറ്റിയുടെ സ്ലോട്ടർ ഹൗസിനോട് ചേർന്ന് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിച്ചിരുന്നതിനാൽ മാലിന്യങ്ങൾ കുരൂർ തോട്ടിലേക്ക് എത്തിയിരുന്നില്ല. എന്നാൽ പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം നിലച്ചതിനാൽ മഴവെള്ളത്തോടൊപ്പം മലിനജലവും തോട്ടിലേക്ക് എത്തുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. സ്ലോട്ടർ ഹൗസിലെ ബയോഗ്യാസ് പുനരുദ്ധരിക്കുന്നതിനുള്ള നടപടിയും അവിടെ നിന്നുള്ള മലിനജലം കുരൂർ തോട്ടിലേക്ക് ഒഴുകുന്നില്ലെന്ന് ഉറപ്പുവരുത്താൻ നഗരസഭ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 53851/ഡിസി1/14/തസ്വഭവ. തീയതി 18-9-2014

നഗരസഭ വക അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശത്തെ തുടർന്ന് നവീകരണ പ്രവർത്തനങ്ങൾക്കായി അറവുശാലയുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുള്ളതാണ്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**തദ്ദേശസ്വയംഭരണ (ഡി ബി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 56355/ഡി ബി2/14/തസ്വഭവ. തീയതി 29-10-2014

നഗരസഭ വക അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഇതിനോടനുബന്ധിച്ചുള്ള സ്ളറി ടാങ്കുകൾ കുറ്റമറ്റ രീതിയിൽ നിർമ്മിച്ചിട്ടുണ്ട്. എന്നിരുന്നാലും പി.സി.ബി. നിർദ്ദേശത്തെ തുടർന്ന് നവീകരണ പ്രവർത്തനങ്ങൾക്കായി അറവുശാലയുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ അറവുശാലാ മാലിന്യങ്ങൾ കുരൂർ തോട്ടിലേക്ക് എത്തിച്ചേരുന്നില്ല. കൂടാതെ അറവുശാലാ നവീകരണത്തിനുള്ള പദ്ധതിയിൽ മലിനജല സംസ്കരണ പ്ലാന്റ് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അറവുശാല പ്രവർത്തനക്ഷമമാകുമ്പോൾ കുരൂർ തോട്ടിലേക്ക് മലിനജലം ഒഴുകുന്നില്ല എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നതാണ്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 10 (ഖണ്ഡിക 26)

കുരൂർ തോടിന്റെ മലിനീകരണം നീക്കുന്നതിന് 14-1-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം 12.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കുരൂർ തോട് വൃത്തിയാക്കുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

ഗവൺമെൻറ് കത്ത് നമ്പർ 8408/ഐ.ആർ3/11/ജവിവ. തീയതി 3-7-2014

NABARD-RIDF-XVII-ൽ ഉൾപ്പെടുത്തി കുരൂർ തോടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിക്കും, സംരക്ഷണ ഭിത്തി കെട്ടുന്നതിനുമായി 22-3-2013-ൽ എഗ്രിമെന്റ് വച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. ഇതിനായി മുനിസിപ്പാലിറ്റി 28.10 ഏക്കർ മുനിസിപ്പൽ സ്ഥലം കൈമാറിയിട്ടുണ്ട്. 2.18 ആർ സ്വകാര്യ ഭൂമി കൂടി ഏറ്റെടുത്ത് മുനിസിപ്പാലിറ്റി കൈമാറേണ്ടതായിട്ടുണ്ട്. റവന്യൂ അധികാരികൾ 300 മീറ്റർ ദൂരത്തിൽ അതിർത്തി നിശ്ചയിച്ചതിനനുസരിച്ച് കുരൂർ പാലം മുതൽ ബൈപ്പാസ് പാലം വരെയുള്ള തോടിന്റെ പ്രാഥമിക ലെവൽസ് എടുത്തിട്ടുണ്ട് (Initial levels). അതനുസരിച്ച് കരാറുകാരൻ പണി തുടങ്ങാൻ ശ്രമിച്ചുവെങ്കിലും തോട് നിലവിലുള്ള ഗതിയിൽ നിന്നും മാറ്റി വിടുന്നതിലുള്ള സ്ഥലവാസികളുടെ പ്രതിഷേധം കാരണം പണി തുടരാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമം തുടരുകയാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11 (ഖണ്ഡിക 27)

കോതമംഗലം ടൗണിലെ കുരൂർ തോട്ടിലെ മാലിന്യപ്രശ്നം പരിഹരിക്കപ്പെടാതെ നീണ്ടുപോകുന്നത് പട്ടണത്തിലെ ജനങ്ങളുടെ ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങളിലേക്കാണ് എത്തിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ബോധവൽക്കരണവും ശക്തമായ നിയമനടപടികൾ പ്രാവർത്തികമാക്കുകയും ചെയ്താൽ മലിനീകരണം ഒരു പരിധിവരെ നിയന്ത്രിക്കാനാവുമെന്ന് സമിതി കരുതുന്നു. മലിനീകരണം തടയുന്നതിനൊപ്പം കുരൂർ തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് പെരിയാറിൽ നിന്നുള്ള കനാലിന്റെ കൈവഴി തടയണ കെട്ടി തിരിച്ചുവിട്ടും കോതമംഗലം ബൈപാസ് പാലത്തിന്റെ ഇരുഭാഗവും തിട്ടകൾ കെട്ടി ഒരു തടാകം പോലെ സംരക്ഷിച്ചും വിനോദ സഞ്ചാരികൾക്കാകർഷകമാകത്തക്ക രീതിയിലുള്ള പദ്ധതി നടപ്പാക്കുന്നതിനും നടപടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 8408/ഐ.ആർ3/11/ജവിവ തീയതി13-7-2014

NABARD-RIDF-XVII-ൽ ഉൾപ്പെടുത്തി കരൂർ തോടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിക്കും, സംരക്ഷണ ഭിത്തി കെട്ടുന്നതിനുമായി 22-3-2013-ൽ എഗ്രിമെന്റ് വച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. ഇതിനായി മുനിസിപ്പാലിറ്റി 28.10 ഏക്കർ മുനിസിപ്പൽ സ്ഥലം കൈമാറിയിട്ടുണ്ട്. 2.18 ആർ സ്വകാര്യ ഭൂമി കൂടി ഏറ്റെടുത്ത് മുനിസിപ്പാലിറ്റി കൈമാറേണ്ടതായിട്ടുണ്ട്. റവന്യൂ അധികാരികൾ 300 മീറ്റർ ദൂരത്തിൽ അതിർത്തി നിശ്ചയിച്ചതിനനുസരിച്ച് കരൂർ പാലം മുതൽ ബൈപ്പാസ് പാലം വരെയുള്ള തോടിന്റെ പ്രാഥമിക ലെവൽസ് എടുത്തിട്ടുണ്ട് (Initial levels). അതനുസരിച്ച് കരാറുകാരൻ പണി തുടങ്ങാൻ ശ്രമിച്ചുവെങ്കിലും തോട് നിലവിലുള്ള ഗതിയിൽ നിന്നും മാറ്റി വിടുന്നതിലുള്ള സ്ഥലവാസികളുടെ പ്രതിഷേധം കാരണം പണി തുടരാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമം തുടരുകയാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**ടൂറിസം (സി) വകുപ്പ്**

ഗവൺമെന്റ് കത്ത് നമ്പർ 26143/സി3/11/ടൂറിസം തീയതി 21-8-2014.

ശിപാർശയിൽ പരാമർശിച്ചിട്ടുള്ള പ്രദേശം ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നതാകയാൽ പ്രസ്തുത പ്രദേശത്ത് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് ഇറിഗേഷൻ വകുപ്പാണ്.

(19-11-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

അദ്ധ്യായം III

## ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ, ബന്ധപ്പെട്ട സർക്കാർ വകുപ്പ്, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശം

ശിപാർശ 7 (ഖണ്ഡിക 23)

**ആഭ്യന്തര വകുപ്പ്**

കോതമംഗലം മുനിസിപ്പൽ അതിർത്തിയിൽ ലൈസൻസില്ലാതെ പന്ത്രണ്ടോളം മത്സ്യ-മാംസ സ്ലോട്ടർ ഹൗസുകൾ പ്രവർത്തിക്കുന്നതായും അവയിൽ ഒന്നുരണ്ടെണ്ണം കരൂർ തോടിന്റെ മുകളിൽ തന്നെ പ്രവർത്തിക്കുകയും നേരിട്ട് മാലിന്യങ്ങൾ കരൂർ തോട്ടിലൂടെ പ്രവഹിക്കുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. തോടിന്റെ തീരങ്ങളിൽ

അറവുശാലകൾ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്ന് അഭിപ്രായപ്പെട്ട സമിതി കോഴിവേസ്റ്റ്, മത്സ്യവേസ്റ്റ് തുടങ്ങിയവ സംസ്കരിക്കാതെ തോട്ടിലേക്ക് ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്കെതിരെ മുനിസിപ്പാലിറ്റിയും പോലീസ് വകുപ്പും ചേർന്ന് കേസെടുക്കുന്നതുൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സമിതിയുടെ തീരുമാനം

മേൽപ്പറഞ്ഞ ശിപാർശയിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ആഭ്യന്തര വകുപ്പിന് നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായെങ്കിലും അതിന്മേൽ യാതൊരുവിധ മറുപടിയും നൽകുകയുണ്ടായില്ല എന്നത് പ്രസ്തുത വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. എന്നിരുന്നാലും തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ വിശദമായ മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുന്നു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 21.